**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17)-ആസൂത്രണ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ **(ഡി.എ)** വകുപ്പ്

സ.ഉ(സാധാ)നം. **2037/2016**/തസ്വഭവ   തീയതി, തിരുവനന്തപുരം **30.06.2016.**

---

പരാമർശം :-1) സ.ഉ(എം.എസ്)നം.362/2013/തസ്വഭവ തീയതി 16.11.2013.

2) സ.ഉ(എം.എസ്)നം.04/2016/തസ്വഭവ തീയതി 11.01.2016.

3) 22.06.2016-ൽ നടന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 3.1 മുതൽ 3.15 വരെയും, 3.18, 3.19, 3.20, 3.22, 3.23 എന്നീ നമ്പർ തീരുമാനങ്ങൾ.

**<u>ഉത്തരവ്</u>**

പരാമർശം (3) ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവിൽ ചുവടെ ചേർത്തിട്ടുള്ള ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 20% തുക ഉല്പ്പാദന മേഖലയ്ക്കും 10% തുക മാലിന്യസംസ്കരണത്തിനുമായി വകയിരുത്തേണ്ടതാണ്.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഡി.പി.സി അംഗീകാരത്തിന് 2016 ജൂലൈ 15 വരെ സമയം അനുവദിച്ചു നൽകുന്നു.

3. ഈ സാമ്പത്തിക വർഷം പദ്ധതി രൂപീകരണത്തിന് വർക്കിംഗ് കമ്മിറ്റി രൂപീകരണം, പ്രോജക്ട് വെറ്റിംഗ്, ഗ്രാമസഭ, അയൽസഭ ഇവയുടെ തീരുമാനം എന്നീ കാര്യങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം (2015-2016) നിലനിന്നിരുന്ന നടപടിക്രമങ്ങൾ തുടരാവുന്നതാണ്.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടിന്റെ 5% തുക വയോജന സൗഹൃദ പദ്ധതികൾക്കായും 5% തുക വികലാംഗർക്കും കുട്ടികൾക്കുമായും വകയിരുത്തേണ്ടതാണ്.

5. നെൽവിത്ത് സബ്സിഡി ഭൂവിസ്തൃതി കണക്കാക്കാതെ എല്ലാ കർഷകർക്കും (പാട്ടകൃഷിക്കാർ ഉൾപ്പെടെ) 100% മായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു കൂലി ചെലവ് സബ്സിഡി പാട്ടകൃഷിക്കാർക്കും നൽകേണ്ടതാണ്.

   പച്ചക്കറി കൃഷിയുടെ സബ്സിഡി 1 ഹെക്ടർ (2 ½ ഏക്കർ) വരെ കൃഷി ചെയ്യുന്ന കർഷകർക്കും നൽകാവുന്നതാണ്. സംഘമായി ചേർന്ന് കൃഷി ചെയ്യുന്നതിന് ഭൂവിസ്തൃതി കണക്കാക്കാതെ സബ്സിഡി നൽകാവുന്നതാണ്.

6. പരിശീലനം ലഭിച്ച ആളുകൾ ലഭ്യമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാർഷിക കർമ്മ സേനയുടെ രൂപീകരണത്തിന് യഥേഷ്ടാനുമതി നൽകുന്നു.

7. വനിതകൾ, വയോജനങ്ങൾ, കുട്ടികൾ എന്നിവർക്ക് യോഗപരിശീലനത്തിന് ആയുഷുമായി സഹകരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കാവുന്നതാണ്.

8. ഹൈസ്കൂളിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന എൽ.പി, യു.പി സ്കൂളുകളുടെ Infrastructure Development നായി ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് വിനിയോഗം നടത്തുന്നതിന് അനുമതി നൽകുന്നു.

9. സ്വന്തമായി വരുമാനം ഇല്ലാത്ത 25 വയസ്സിൽ താഴെ പ്രായമുള്ള ആൺമക്കളുള്ള ബി.പി.എൽ വിധവകൾക്ക്, നിലവിൽ വിധവകൾക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ നൽകുന്നതിന് അനുമതി നൽകുന്നു.

10. പട്ടികജാതി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സബ്സിഡി നിരക്കുകൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി രണ്ടു വകുപ്പുകളും യോജിച്ച് പ്രവർത്തിക്കേണ്ടതാണ് ഈ രണ്ടു വകുപ്പുകളും ഗ്രാമസഭ/വാർഡുസഭ, ഗുണഭോക്തൃ ലിസ്റ്റിൽ നിന്നായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്.

11. ജൈവവള സബ്സിഡി പണമായി ബാങ്ക് അക്കൗണ്ടുകൾ വഴി നൽകേണ്ടതാണ്. കേരളത്തിൽ ഉല്പ്പാദിപ്പിക്കുന്നതും ശുചിത്വ മിഷൻ സാക്ഷ്യപ്പെടുത്തിയതുമായ സ്ഥാപനങ്ങളോ, വ്യക്തികളോ ഉല്പ്പാദിപ്പിക്കുന്ന ജൈവ വളങ്ങൾ വാങ്ങുന്നതിന് മുൻഗണന നൽകേണ്ടതാണ്.

12. കൃഷി വകുപ്പ് സാക്ഷ്യപ്പെടുത്തിയ ജൈവ കീടനാശിനികൾക്ക് മാത്രമേ സബ്സിഡി നൽകാവൂ.

13. മൂലധന ആസ്തികൾക്ക് ധനസഹായം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളെ 10 വർഷങ്ങൾക്ക് ശേഷം ധനസഹായം നൽകുന്നതിന് വീണ്ടും പരിഗണിക്കാവുന്നതാണ്. എന്നാൽ ആവർത്തന ചെലവുകൾക്ക് സമയ പരിധി ബാധകമല്ല.

14. മിൽമയുടെ പാൽ സഹകരണ സംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പാൽ ഉല്പ്പാദനത്തിന് ആനുപാതികമായി നൽകുന്ന സബ്സിഡി പരിധി നിലവിലുള്ള 10,000/- രൂപയിൽ നിന്ന് 20,000/- രൂപയായി വർദ്ധിപ്പിക്കുന്നു. ഇൻഷ്വർ ചെയ്ത പശുക്കളുള്ള മറ്റ് ക്ഷീര കർഷകർക്ക് പാൽ ഉല്പ്പാദനത്തിന് ആനുപാതികമായി, മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥരുടെ സർട്ടിഫിക്കറ്റിന്റെഅടിസ്ഥാനത്തിൽ പരമാവധി 10,000/- രൂപ വരെ കാലിത്തീറ്റ സബ്സിഡി നൽകാവുന്നതാണ്.

15. സർക്കാർ എൽ.പി, യു.പി സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നു.

16. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഭവന പദ്ധതികൾക്ക് നൽകി വരുന്ന തുക യഥാക്രമം 40%, 40%, 20% എന്നിങ്ങനെ മൂന്നു ഗഡുക്കളായി നൽകുന്നതിന് അനുമതി നൽകുന്നു.

17. എസ്.സി വിഭാഗത്തിന് വീട് വയ്ക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം വാങ്ങുമ്പോൾ ഗുണഭോക്താക്കളുടെ 5 പ്രതിനിധികളും, എസ്.സി വാർഡ് മെമ്പറും അടങ്ങിയ ഒരു സമിതിയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്.

18. എസ്.സി വിഭാഗത്തിന്റെ വിവാഹ ധനസഹായം വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്കും നൽകാവുന്നതാണ്.

19. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന റോഡുകളിൽ നിർബന്ധമായും 10% എങ്കിലും പ്ലാസ്റ്റിക് ഉപയോഗിക്കേണ്ടതാണ്. ഇതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പുറപ്പെടുവിക്കേണ്ടതാണ്.

20. ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡങ്ങളനുസരിച്ച് തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റ് രണ്ട് ഉദ്യോഗസ്ഥർ പരിശോധിച്ച് ഗ്രാമസഭ/വാർഡു സഭകളുടെ അംഗീകാരം നേടേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എ.കെ.മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം .
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം .
ഡയറക്ടർ, പട്ടികജാതി /പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം .
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
ഡയറക്ടർ, കൃഷി വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:**-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
പട്ടികജാതി വികസന വകുപ്പ്, സെക്രട്ടറിയുടെ പി.എ.യ്ക്ക്.
പട്ടിക വർഗ്ഗ വികസന വകുപ്പ്, സെക്രട്ടറിയുടെ പി.എ.യ്ക്ക്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**